**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4441** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജനവാസമേഖലയിലെ ട്രാൻസ്‌ഫോർമർ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസമേഖലയിലെ ട്രാൻസ്‌ഫോർമറുകൾ മാറ്റി സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | (എ) | ജനവാസമേഖലയിലെ ട്രാൻസ്‌ഫോർമർ മാറ്റി സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ആകെ 23 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പരാതികളിൽ 8 എണ്ണം നിലവിൽ പരിഹരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷനിൽ ലഭിച്ച ഒരു പരാതിയിന്മേൽ നടത്തിയ സ്ഥലപരിശോധനയിൽ ട്രാൻസ് ഫോർമർ സുരക്ഷിതവും അനുയോജ്യവുമായിട്ടുള്ള സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മറ്റു നടപടികൾ സ്വീകരിക്കേണ്ടതില്ല.<br><br>നിലവിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ഉള്ളിൽ നിന്നുകൊണ്ടും, ബാക്കിയുള്ള 14 പരാതികൾക്ക് PWD, പഞ്ചായത്ത് തുടങ്ങിയവരോട് സ്ഥലം ലഭ്യമാക്കുന്നതിനുള്ള അഭ്യർത്ഥനകൾ നടത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയും, നിയമപരമായി പരിഹാരങ്ങൾ കണ്ടെത്തിവരുന്നു. |

സെക്ഷൻ ഓഫീസർ